**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2498 05.11. 2019 ൽ മറുപടിക്ക്

# വൈദ്യുതി ചാർജ്ജ് കുടിശ്ശിക പിരിച്ചെടുക്കുന്നത് സംബന്ധിച്ച്.

ചോദ്യം

ശ്രീ.കെ.എം. ഷാജി

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ വൈദ്യുതി ചാർജ്ജ് ഇനത്തിൽ വൻകിട സ്ഥാപനങ്ങളിൽ നിന്നും മറ്റു ചില വ്യക്തികളിൽ നിന്നും പിരിച്ചെടുക്കാൻ ബാക്കിയുണ്ടായിരുന്ന തുക എത്രയാണ്; വിശദാംശം നൽകുമോ; | (എ) 30.06.2016-ലെ കുടിശ്ശിക കണക്കനുസരിച്ച് ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ വൈദ്യുതി ചാർജ്ജ് ഇനത്തിൽ വൻകിട-സ്ഥാപനങ്ങളിൽ നിന്നും, മറ്റു ചില വ്യക്തികളിൽ നിന്നും പിരിച്ചെടുക്കാൻ ബാക്കിയുണ്ടായിരുന്ന തുക 1898.83 കോടി രൂപയാണ്. കുടിശ്ശികയെപ്പറ്റിയുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>(1) സംസ്ഥാന സർക്കാർ വകുപ്പുകൾ - 137.72 കോടി<br>(2) സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ - 1049.38 കോടി<br>(3) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ - 7.99 കോടി<br>(4) കേന്ദ്ര സർക്കാർ വകുപ്പുകൾ - 0.43 കോടി<br>(5) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ - 92.46 കോടി<br>(6) സ്വകാര്യ സ്ഥാപനങ്ങൾ - 598.41 കോടി<br>(7) ലൈസൻസി - 12.44 കോടി |
| (ബി) ഇതിൽ എന്തുതുക പിരിച്ചെടുത്തെന്നും ആരിൽ നിന്നൊക്കെ പിരിച്ചെടുത്തെന്നും വ്യക്തമാക്കാമോ; | (ബി) 30.09.2019-ലെ കുടിശ്ശിക കണക്ക പ്രകാരം വൈദ്യുതി ചാർജ്ജിനത്തിൽ വൻകിട സ്ഥാപനങ്ങളിൽ നിന്നും, മറ്റു വ്യക്തികളിൽനിന്നുമായി 1544.04 കോടി രൂപയാണ് പിരിഞ്ഞുകിട്ടാനുള്ളത്. 354.79 കോടി രൂപ 30.06.2016-ലെക്കാൾ വൈദ്യുതി കുടിശ്ശികയിൽ കുറവ് വന്നിട്ടുണ്ട്. ഇതിൽ സംസ്ഥാന സർക്കാർ വകുപ്പുകൾ, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിലാണ് കുറവ് വന്നിട്ടുള്ളത്. |
| (സി) പിരിഞ്ഞുകിട്ടാനുള്ള തുകയിനത്തിൽ തുക അടയ്ക്കുന്നതിൽ നിന്ന് ആരെയെങ്കിലും പൂർണ്ണമായോ ഭാഗികമായോ ഒഴിവാക്കി നൽകിയിരുന്നോ; എങ്കിൽ അത് ആരിൽ നിന്നൊക്കെ; വ്യക്തമാക്കാമോ; | (സി), (ഡി) &(ഇ) കുടിശികയുള്ള സ്ഥാപനങ്ങളിൽ നിന്നും തുക പിരിച്ചെടുക്കാതെ കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർ ബോധപൂർവ്വം പുതിയ വൈദ്യുതി കണക്ഷൻ നല്കുകയോ നിലവിലുള്ളതിന് വേറിട്ട് വൈദ്യുതി ലഭ്യമാക്കുന്ന സംവിധാനം ഒരുക്കുകയോ ചെയ്തിട്ടില്ല .<br>ചില ഉപഭോക്താക്കൾ കുടിശ്ശികയിന്മേൽ തർക്കമുന്നയിച്ചുകൊണ്ടു കോടതികളെയും മറ്റ് നിയമപരമായ അധികാരികളെയും സമീപിച്ച് കേസ് ഫയൽ ചെയ്യുകയും, തുടർന്നുണ്ടായ ബഹു. കോടതികളുടെയും, മറ്റ് നിയമപരമായ അധികാരികളുടെയും ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, കുടിശ്ശിക താല്കാലികമായി ഒഴിവാക്കുകയും അത്തരം കേസുകളിൽ കുടിശ്ശിക ഉണ്ടെങ്കിലും പുതിയ വൈദ്യുതി കണക്ഷൻ |

| | |
|---|---|
| | നൽകിയ സാഹചര്യങ്ങളുണ്ട്. ഇത്തരത്തിൽ പുതിയ കേസുകൾ വരുന്നതിനാലും നിലവിലുള്ള കേസുകളിൽ കോടതി നടപടികൾ തുടർന്നു വരുന്നതിനാലും ഇവയുടെ എണ്ണം തുടങ്ങിയ വിവരങ്ങൾ ക്രോഡീകരിച്ച രൂപത്തിൽ ലഭ്യമാക്കുന്നത് പ്രായോഗികമല്ല. |
| (ഡി)ഈയിനത്തിൽ എന്തുതുക ഒഴിവാക്കി നൽകിയെന്നും ഇങ്ങനെ ഒഴിവാക്കി നൽയതിനാധാരമായ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;<br>(ഇ)പ്രസ്തുത തുക പിരിച്ചെടുക്കാതെ കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർ ബോധപൂർവ്വം പുതിയ വൈദ്യുതി കണക്ഷൻ അവർക്ക് നൽകുകയോ നിലവിലുള്ളതിന് വേറിട്ട് വൈദ്യുതി ലഭ്യമാക്കുന്ന സംവിധാനം ഒരുക്കുകയോ ചെയ്തോ; എങ്കിൽ അത് എത്ര കേസുകളിലെന്ന് വ്യക്തമാക്കുമോ; | |
| (എഫ്)ഒരു ഗാർഹിക ഉപഭോക്താവ് വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിൽ ഡിസ് കണക്ഷൻ തീയതിയിൽ നിന്ന് ഒരു മണിക്കൂറുപോലും ഇളവ് അനുവദിക്കാതെ വൈദ്യുതി വിച്ഛേദിച്ച് ഇരുട്ടിലാക്കുന്ന ഗവൺമെന്റ് കിട്ടാനുള്ള പണം പിരിച്ചെടുക്കാക്കാതിരിക്കുന്നത് നീതിയാണോ; ഇക്കാര്യത്തിൽ പ്രത്യേകം ഒരു ഡ്രൈവ് നടത്തി പണം പിരിച്ചെടുക്കുവാൻ നടപടി സ്വീകരിക്കുമോ? | (എഫ്) വൈദ്യുതി ബോർഡിന് കുടിശ്ശിക പിരിച്ചെടുക്കുന്നതിന് വൈദ്യുതി നിയമപ്രകാരമുള്ള നടപടികൾ മാത്രമേ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി പ്രത്യേക ഡ്രൈവ് നടത്തണമെങ്കിൽ വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ ഉത്തരവുകൾ അനുസരിച്ച് മാത്രമേ സാധിക്കുകയുള്ളൂ.<br>കാലാകാലങ്ങളിൽ KSERC യുടെ അനുമതിയോടു കൂടി കുറഞ്ഞ പലിശ നിരക്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ച് ഉപഭോക്താക്കളിൽ നിന്നും KSEBL കുടിശ്ശിക ഈടാക്കുവാൻ നടപടി സ്വീകരിച്ചിരുന്നു. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനു ശേഷം 2016 ലും 08.06.2018 ലും ഒറ്റ തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കിയിരുന്നു. ഇപ്പോൾ 31.10.2019 ലും പലിശയിനത്തിൽ ഇളവുകൾ നൽകി ബോർഡ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. കോടതിയിൽ വ്യവഹാരത്തിലുള്ള ഉപഭോക്താക്കൾക്കും റവന്യൂ റിക്കവറി നടപടികൾക്ക് ശുപാർശ കൊടുത്തിട്ടുള്ള ഉപഭോക്താക്കൾക്കും കൂടി പ്രസ്തുത പദ്ധതി ഉപയോഗിക്കാനുള്ള അവസരവും ഇതുപ്രകാരം നൽകിയിട്ടുണ്ട്. കുടിശ്ശികകൾ തീർപ്പാക്കുവാനായി നിയോഗിച്ചിട്ടുള്ള ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരുടെ കീഴിലുള്ള ജില്ലാതല കമ്മറ്റികൾക്കു ഇത്തരത്തിലുള്ള കുടിശ്ശികയുടെ മുതലിനത്തിൽ തന്നെ ഇളവുകൾ അടക്കം അനുവദിക്കുന്നതിനുള്ള അധികാരം നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ